പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3993 — 19.03.2018-ൽ മറുപടിക്ക്

## കരുനാഗപ്പള്ളി താലൂക്കിലെ തഴത്തോടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി താലൂക്കിലെ വിവിധ പാടശേഖരങ്ങളെ ബന്ധിപ്പിച്ച് കടന്നു പോകുന്ന തഴത്തോടുകളുടെ പാർശ്വ ഭാഗങ്ങൾ സമീപവാസികൾ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തഴത്തോടുകളുടെ റീസർവ്വേ സ്കെച്ച് ലഭ്യമാക്കുമോ; | (എ) | 1994 കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായ തഴത്തോടുകളിലെ കയ്യേറ്റങ്ങൾ പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, കലശേഖരപുരം, ക്ലാപ്പന, ഓച്ചിറ എന്നീ പഞ്ചായത്തുകളിലും അയണിവേലിക്കുളങ്ങര, ആദിനാട്, കരുനാഗപ്പള്ളി. കലശേഖരപുരം, ക്ലാപ്പന, ഓച്ചിറ എന്നീ വില്ലേജുകളിലും വ്യാപിച്ചു കിടക്കുന്ന തഴത്തോടുകളുടെ അതിർത്തി പൂർണ്ണമായും പുനർ നിർണ്ണയം ചെയ്ത് കയ്യേറ്റം കണ്ടു പിടിക്കുന്നതിന് ഒരു പ്രത്യേക സർവ്വേ ടീമിന്റെ സേവനം തന്നെ ലഭിക്കേണ്ടതായിട്ടുണ്ട്. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയുടെ അഭ്യർത്ഥന പ്രകാരം കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടു വരുന്ന രണ്ടാം തഴത്തോടിന്റെ മുനിസിപ്പാലിറ്റി ആവശ്യപ്പെട്ട ഭാഗത്തെ അതിർത്തി പുനർനിർണ്ണയം ചെയ്ത് മുനിസിപ്പൽ അധികൃതരെ ബോധ്യപ്പെടുത്തിയിട്ടുള്ളതും, അതിർത്തി പുനർ നിർണ്ണയം ചെയ്ത ഭാഗത്ത് കയ്യേറ്റങ്ങളൊന്നും കണ്ടെത്തിയിട്ടില്ലാത്തതുമാണ്. റീസർവ്വെ സ്കെച്ചുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രദേശങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | അതിർത്തി തിട്ടപ്പെടുത്തിയ ഭാഗങ്ങളിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടില്ലാത്തതാണ്. |

(സി) തഴത്തോട്ടുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങളെ ഒഴിവാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(സി) പ്രത്യേക സർവ്വേ ടീമിന്റെ സേവനം മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കുകയും, അതിർത്തി പുനർ നിർണ്ണയം ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ തഴത്തോട്ടുകളുടെ അതിർത്തി പൂർണ്ണമായും പുനർ നിർണ്ണയം ചെയ്യാവുന്നതാണ്. തഴത്തോട്ടുകളുടെ പുനരുജ്ജീവനം സംബന്ധിച്ച പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**